# വിവിയു പി. എസ്

## പന്തപ്ലാവ്

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26

സബ്ജില്ല : കുളക്കട

വിദ്യാഭ്യാസ ജില്ല : കൊട്ടാരക്കര

ജില്ല : കൊല്ലം

# ഉള്ളടക്കം


1. കവർപേജ്
2. ഉള്ളടക്കം
3. ആമുഖം
4. കാഴ്ചപ്പാട് — Page 5 -9
5. പൊതു ലക്ഷ്യങ്ങൾ — Page -10
6. പ്രവർത്തന വിശദാംശങ്ങൾ

| | |
|---|---|
| മലയാളം | Page NO 14- 19 |
| ഇംഗ്ലീഷ് | Page NO: 22, 23 |
| ഹിന്ദി | Page NO: 26-32 |
| സാമൂഹ്യ ശാസ്ത്രം | Page NO: 36 - 39 |
| ശാസ്ത്രം | Page NO: 33-35 |
| ഗണിതം | Page NO: 24,25 |

# ആമുഖം

## സ്കൂളിന്റെ ചരിത്രം

1957 ൽ സ്ഥാപിതമായ V V U P S കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ പട്ടാഴി പഞ്ചായത്തിലാണ് സ്ഥിതി-ചെയ്യുന്നത്.

സ്കൂളിന്റെ ഒരുഭാഗത്ത് പട്ടാഴി പത്തനാപുരം റോഡും മറുഭാഗത്ത് കല്ലടയാറും ഒഴുകുന്നു.
ഒരു സിംഗിൾ മാനേജ്മെന്റിന്റെ കീഴിലാണ് ഈ സ്കൂൾ പ്രവർ-ത്തിച്ചുവരുന്നത്. 1.5 ഏക്കർ സ്ഥലത്താണ് സ്കൂൾ സ്ഥിതിചെയ്യുന്നത്

2024-25 വർഷത്തിൽ V, VI, VII ക്ലാസ്സുകളിൽ ഓരോ ഡിവിഷനുകളാണുള്ളത്. എല്ലാഡിവിഷനുകളിലും കൂടി 35 കുട്ടികളാണ് ഇപ്പോഴുള്ളത്.

## നിലവിലുള്ള അധ്യാപകരുടെ വിവരം

1. അജിത് കുമാർ. A. N - ഹെഡ്മാസ്റ്റർ
2. അശ്വതി. കെ. വി - യു. പി. എസ്. എ
3. നിത്യ മോഹൻ - യു. പി. എസ്. എ
4. ഷിജു ഉത്തമൻ - ഹിന്ദി (PT)

# മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യം

1. എല്ലാ കുട്ടികളുടെയും എല്ലാ കഴിവുകളും ജ്ഞാനത്തിന്റെ പൂർണ്ണതയിലേക്ക് വികസിപ്പിക്കുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠന നേട്ടങ്ങളും അതിന്റെ പൂർണ്ണതയിൽ എല്ലാ കുട്ടികളും ആർജ്ജിക്കുക.
3. കുട്ടികളിൽ പരസ്പരാശ്രയത്വത്തിന്റെയും, സാഹോദര്യത്തിന്റെയും മനോഭാവം വളർത്തുക.
4. മൂന്ന് ഭാഷകളിലെങ്കിലും മികച്ച ആശയവിനിമയ ശേഷി വളർത്തുക.
5. കുട്ടികളിൽ ക്രിയാത്മകതയും യുക്തിബോധവും വിമർശനാത്മക ചിന്തയും വികസിപ്പിക്കുക.
6. പഠന ശേഷികളും പഠനമനോഭാവങ്ങളും വളർത്തുക.
7. ഉത്തമ ജനാധിപത്യ ബോധമുള്ള പൗരന്മാരായി വളർത്തുക.
8. നമ്മുടെ സംസ്കാരത്തിന് യോജിച്ച മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക.
9. പാരിസ്ഥിതിക അവബോധം വളർത്തുക.
10. ശാസ്ത്ര ചിന്ത വളർത്തുക.

# കാഴ്ചപ്പാട്

പുതിയ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്. വിദ്യാലയം പ്രദാനം ചെയ്യുന്ന വിദ്യാഭ്യാസം എന്തെല്ലാം കഴിവുകൾ വികസിപ്പിക്കും?

മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാകും. അവസരങ്ങളുടെ സാമൂഹ്യനീതി, ഉന്നത അറിവ് ഉണ്ടാക്കുന്ന പഠനപരിസരവും പഠനാന്തരീക്ഷവും വികസിക്കും, ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ് മുറികളും ഹൈടെക് ആകും.
സമഗ്ര ഗുണമേന്മ വിദ്യാലയ അന്തരീക്ഷം സാധ്യമാകും. ക്ലാസ് മുറികൾ സ്മാർട്ടാകും. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസത്തിലൂടെ കേരളം അനന്യ മാതൃക സൃഷ്ടിക്കും.

മുഴുവൻ വിദ്യാലയങ്ങളിലും ജൈവ വൈവിധ്യ ഉദ്യാനം നിലവിൽ വരും. ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം സാക്ഷാത്കരിക്കും.

(2) നമ്മുടെ നാട്ടിൽ നിലവിലുള്ള വിദ്യാഭ്യാസരീതിയുടെ ഗുണവശങ്ങൾ നിലനിർത്തിക്കൊണ്ട് വിദ്യാഭ്യാസ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന രാജ്യങ്ങളിലെ പഠനരീതി, ഉള്ളടക്കം, മൂല്യനിർണ്ണയ രീതി, അധ്യാപക പരിശീലനം എന്നിവയിലെ സ്വീകാര്യമായ ഘടകങ്ങൾ ഉൾച്ചേർന്ന് ഉള്ള പഠനമായിരിക്കും ഭാവിയിൽ ഉണ്ടാവുക. മികച്ച പഠനാനുഭവങ്ങൾ ഒരുക്കുന്നതിനായി വിദ്യാലയങ്ങളുടെ മേൽനോട്ടവും മെച്ചപ്പെടുത്തും. അധ്യാപക പരിശീലനത്തിന് സമയബന്ധിതമായ ഹ്രസ്വകാല, ദീർഘകാല പാക്കേജ് രൂപമാകും. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കും.

പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കാനും, വികസിപ്പിക്കാനും ഉതകുന്ന രീതിയിലുള്ള പഠനമായിരിക്കും ഭാവിയിലുണ്ടാകുക.

(3) വിലയിരുത്തലിനെ കുറിച്ചുള്ള കാഴ്ചപ്പാട്

എന്തൊക്കെ വിധത്തിലുള്ള വിലയിരുത്തൽ ആ പ്രക്രിയ സ്വീകരിക്കും? അതെങ്ങനെ ഓരോ കുട്ടിയുടേയും പഠനനേട്ടങ്ങളെ ഉറപ്പാക്കും?

പഠനത്തിലൂടെ നേടിയ അറിവുകളെയും ധാരണകളെയും സ്വയം വിമർശനാത്മകമായി പരിശോധിക്കുകയും മാറ്റങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന ഒരു തിരുത്തൽ പ്രക്രിയയുണ്ട്. ഇതിനെ സ്വയം വിലയിരുത്തലായി കണക്കാക്കാം. ഇപ്രകാരം സ്വയം നിർണ്ണയിക്കുന്ന വിലയിരുത്തലിലൂടെയും പഠനം സാധ്യമാകുന്നു. ഇതിനെ വിലയിരുത്തൽ എന്നു പറയാം. പഠനം കൂടുതൽ കാര്യക്ഷമമായി നിർവഹിക്കണമെങ്കിൽ പഠനത്തിനായുള്ള വിലയിരുത്തൽ, വിലയിരുത്തൽ തന്നെ പഠനം എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതാണ്. ഓരോതലത്തിൽ പഠനം ഫലപ്രദമാകുന്നതിനും ഇത്. വിലയിരുത്തൽ പ്രക്രിയയ്ക്ക് പ്രാധാന്യം നല്കുന്ന സമീപനമാണ് നാം സ്വീകരിക്കേണ്ടത്.

അതിനാൽ പഠനനേട്ടങ്ങൾക്ക് ഊന്നൽ നല്കുന്ന വിലയിരുത്തൽ സമീപനമാണ് സ്വീകരിക്കേണ്ടത്. പഠനനേട്ടങ്ങൾക്ക് ഊന്നൽ നല്കി രൂപപ്പെടുത്തുന്ന പഠനപ്രവർത്തനങ്ങളിൽ പരിണമിച്ച് സാങ്കേതിക പക്ഷത്തിനും ഉറപ്പുവരുത്തുന്നു.

(4) പാരിസ്ഥിതിക അവബോധ വികാസത്തെ കുറിച്ചുള്ള കാഴ്ചപ്പാട് - ക്ലാസ് പാഠപുസ്തകങ്ങളിലൂടെയും പ്രവൃത്തി പഠനത്തിലൂടെയും എന്തെല്ലാം നിലപാടും കാഴ്ചപ്പാടുമുള്ള കുട്ടികളെയാണ് വിഭാവനം ചെയ്യുന്നത്?

പഠനത്തെ പരിസരബന്ധിയായും ജീവിതഗന്ധിയായും

പ്രാപ്തരാക്കുവാനും അവരവരുടെ പരിസര സാധ്യതകൾ പ്രയോജനപ്പെടു-
ത്താനും സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകമാക്കി വികസിപ്പി-
ക്കാനുമുള്ള കഴിവ് കുട്ടികളിൽ ഉണ്ടാക്കിയെടുക്കുന്നതാണ് ഇത്-
വിഭാവനം ചെയ്യുന്നത്.

(5) പെൺകുട്ടികളുടെ പങ്കാളിത്തവും അവസര തുല്യതയും സംബന്ധിച്ച
കാഴ്ചപ്പാട് ?

പാഠ്യപദ്ധതി ലിംഗസമത്വവും ലിംഗനീതിയും ഉറപ്പാക്കുന്നതാകണം. ആൺ പെൺ വിവേചനം പാഠ്യപദ്ധതിയിൽ കടന്നുവരാൻ പാടില്ല. പാഠപുസ്തകങ്ങളിലെ ചിത്രങ്ങളിൽ പോലും ലിംഗനീതിയുടെ കാഴ്ചപ്പാടുകൾ ഉണ്ടാവേണ്ടതുണ്ട്.
പഠന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി നടപ്പാക്കുമ്പോൾ ലിംഗനീതി-
ഉറപ്പാക്കേണ്ടത് അധ്യാപകരുടെ ഉത്തരവാദിത്വമാണ്.

(6) പാർശ്വവത്കരിക്കപ്പെട്ടവരുടെ മക്കളുടെ പഠന പിന്നോക്ക സം-
ബന്ധിച്ച കാഴ്ചപ്പാട് ?

സാമൂഹികവും, കുടുംബപരവും, സാമ്പത്തികവുമായ കാരണങ്ങളാൽ പഠനം നിർത്താൻ നിർബന്ധിതരായ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പഠിക്കുവാനും പരിഹാരം ഉണ്ടാക്കുവാനും പ്രാദേശിക സംവിധാനങ്ങൾ ഏർപ്പെടുത്തലും.
ആദിവാസി മേഖലയിൽ അവരുടെ ഭാഷയും സംസ്കാരവും പരിഗണിക്കുന്ന പഠനോപാധികൾ നല്കണം. അവരുടെ സാമൂഹ്യമായ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള കൂട്ടായ്മകൾ വികസിപ്പിക്കും.

(7) പ്രത്യേക പരിഗണന അർഹിക്കുന്നവരോടുള്ള വിദ്യാലയ സമീ-
പനം ?

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കും പഠനപ്രയാസം അനുഭവപ്പെടുന്ന കുട്ടികൾക്കും പ്രത്യേക പഠന ആവശ്യങ്ങളുണ്ട്. ഇവർക്കുവേണ്ടി സാങ്കേതികവിദ്യയും പരിഗണനയും നല്കലും എല്ലാ വിഭാഗം കുട്ടികളെയും ഉൾപ്പെടുത്തി

സ്കൂൾ പ്രവർത്തനങ്ങളെയും ഭൗതിക സാഹചര്യങ്ങളെയും സന്ദർശിക്കാനായി ക്ഷണിക്കേണ്ടതുണ്ട്. ടീച്ചേഴ്സ് അധ്യാപകരുടെയും മറ്റു വിദ്യാർത്ഥികളുടെയും സഹായമുണ്ടാകണം, Remedial teaching കുട്ടികളുടെ പഠനം, പരിരക്ഷ എന്നീ കാര്യങ്ങളിൽ രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കൽ തുടങ്ങിയവ നല്കാം.

(8) രക്ഷിതാക്കളുടെ അക്കാദമിക പ്രവർത്തന പിന്തുണ സംബന്ധിച്ച ചർച്ചയാട്?

കുട്ടികളെ കുറിച്ച് അറിയുന്നതിന് അവരുടെ രക്ഷകർത്താക്കളുമായി അധ്യാപകർ നല്ലൊരു ബന്ധം പുലർത്തേണ്ടത് അത്യാവശ്യമാണ്. അധ്യാപകരും രക്ഷിതാക്കളുമായുള്ള സൗഹാർദ്ദപരമായ ബന്ധം കുട്ടിയെ അധ്യാപകരുമായി കൂടുതൽ അടുപ്പിക്കും. വളർച്ചയുടെ ഘട്ടത്തിൽ കുട്ടികൾക്ക് സംഭവിക്കുന്ന പിഴവുകൾ കൂടി നേരത്തെ തന്നെ രക്ഷിതാക്കളുമായി പങ്കുവയ്ക്കുന്നത് വലിയ ദുരന്തങ്ങൾ ഒഴിവാക്കുന്നതിന് സഹായകമാകും.

(9) അധ്യാപക ശാക്തീകരണം സംബന്ധിച്ച ചർച്ചയാട്?

പൊതുവിദ്യാഭ്യാസം ഗുണമേന്മയിലും സാങ്കേതിക മികവിലും അന്താരാഷ്ട്ര നിലവാരത്തിൽ അഭിവൃദ്ധിയായി പുതിയ നിർമ്മിക്കുന്നതിന് അനുഗുണമായ രീതിയിൽ അധ്യാപകരെ സജ്ജരായി പരിശീലിപ്പിക്കും.

സംസ്ഥാനത്ത് കാഴ്ചപ്പാടും വൈദഗ്ധ്യവുമുള്ള അധ്യാപക പരിശീലനങ്ങൾക്ക് നേതൃത്വം നല്കാൻ കഴിയുന്ന റിസോഴ്സ് ടീമിനെ സജ്ജമാക്കും. ദേശീയ ദേശാന്തര സ്ഥാപനങ്ങൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് അധ്യാപക പരിശീലനവുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കും. ഓരോ വർഷവും പരിശീലന മൊഡ്യൂളുകൾ സമഗ്രമായി നിർണ്ണയിക്കും.

(10) ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗവും നിലവാരവും -

വിവരസാങ്കേതികത്തിന്റെ അനന്തമായ സാധ്യതകൾ നിലവിലുണ്ട്. ഈ കാലഘട്ടത്തിൽ ഏറെ പ്രയോജനകരമായ ഒന്നാണ് ICT യുടെ ഉപയോഗം.

# പൊതു ലക്ഷ്യങ്ങൾ

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

വളരെ വിശാലമായ സ്ഥലമാണ് [1.5 ഏക്കർ] സ്കൂളിനുള്ളത്. കുട്ടികൾക്ക് കളിക്കാൻ കളിസ്ഥലം ധാരാളമുണ്ട്. എന്നാൽ സ്കൂളിന് ഒരു ചുറ്റുമതിൽ ഇല്ല എന്നുള്ളത് പരിതാപകരമായ അവസ്ഥയാണ്.

ലാബ്, ലൈബ്രറി സൗകര്യങ്ങൾ വിപുലപ്പെടുത്താൻ ആവശ്യമായ സജ്ജീകരണങ്ങളില്ല. ICT സാധ്യത ഉപയോഗിച്ചാണ് അധ്യാപകർ ക്ലാസ്സ് എടുക്കുന്നത്. എന്നാൽ സ്കൂളിലേക്കായി computer projector ഇതുവരെ ലഭ്യമായില്ല. അധ്യാപകരുടെ laptop, tab എന്നീ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്.

## ജൈവ വൈവിധ്യ പാർക്ക്

പ്രകൃതി രമണീയമായ ഒരു സ്ഥലത്താണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. സ്കൂൾ കോമ്പൗണ്ടിൽ തന്നെ ധാരാളം വൻവൃക്ഷങ്ങൾ വളരുന്നുണ്ട്. ഒരു പാർക്കോടും കൂടി നിർമ്മിക്കണമെന്നുണ്ട്. വിവിധ ഔഷധ-ചെടികൾ നട്ടുവളർത്തുന്നുണ്ട്. ചുറ്റുമതിൽ ഇല്ലാത്തതിനാൽ പല-തും നശിച്ചു പോകുന്നുണ്ട്. വരും വർഷങ്ങളിൽ കൂടുതൽ ചെടികളും വൻവൃക്ഷങ്ങളും നട്ടു വളർത്താം.

## പരിമിതികൾ

പൊതു വിദ്യാലയങ്ങളിലും പ്രത്യേകിച്ച് എയിഡഡ് സ്കൂളുകളിലും സാധാരണക്കാരുടെ കുട്ടികളാണ് പഠിക്കുന്നത്.

അതിനാൽ ഗവൺമെന്റ് സ്കൂളുകൾക്കനുവദിക്കുന്ന ഫണ്ടുകളൊക്കെ (പ്രത്യേകിച്ച് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച്) എയിഡഡ് സ്കൂളുകൾക്കും അനുവദിച്ച് നല്കിയാൽ പ്രയോജനമായിരുന്നു.

അതുപോലെ തന്നെ MP, MLA ഫണ്ടുകൾ എയിഡഡ് സ്കൂളുകൾക്കു കൂടി പ്രയോജനകരമാകുന്ന വിധത്തിൽ ഉപയോഗിക്കാൻ അവർക്കും അധികാരം നല്കണം.

പഞ്ചായത്തുകളിലൂടെ പ്രാദേശിക വികസന-ഫണ്ടുകൾ പോലും എയിഡഡ് എന്ന പേരിൽ നഷ്ടപ്പെട്ടു-കൊണ്ടിരിക്കുന്നു.

സ്മാർട്ട് ക്ലാസ്സ്റൂം, സയൻസ് ലാബ് ഇവയൊക്കെ പ്രാബല്യത്തിൽ കൊണ്ടുവരാൻ ഇത്തരം ഫണ്ടുകൾ പ്രയോജനപ്പെടും.

## അക്കാദമിക നേട്ടങ്ങൾ

കഴിഞ്ഞ ആറ് വർഷമായി തുടർച്ചയായി എല്ലാ വർഷവും വിദ്യാർത്ഥികളുടെ - എണ്ണത്തിൽ വർദ്ധന.

- സർഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ-വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.
- കാർഷിക പ്രവൃത്തികൾ, ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ

# ദീർഘകാല ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും എഴുത്തും വായനയും അറിയണം. | ദീർഘകാല ലക്ഷ്യമാകുന്ന എല്ലാ മലയാള ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.<br>മലയാളത്തിളക്കം പോലുള്ള പഠന പ്രവർത്തനങ്ങൾ തുടർന്നും നടത്തുക.<br>ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.<br>പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് വിവിധങ്ങളായ വാക്കുകൾ ഉറപ്പിക്കാനുള്ള പലതരം പ്രവർത്തനങ്ങൾ നല്കുക. 100% എഴുത്തും വായനയും അറിയുന്നവരാകുക.<br>മികച്ച വായനാശീലം വളർത്തിയെടുക്കുക.<br>പാർശ്വ വല്ക്കരിക്കപ്പെടവരെ മുൻനിരയിൽ എത്തിക്കുക. മലയാള ഭാഷാ പഠനശേഷി വികസിപ്പിക്കുക. | 1–5 വർഷം | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രബോധം ഉളവാക്കുക. | എല്ലാ വിദ്യാർത്ഥികളിലും ശാസ്ത്രബോധം വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾ നല്കണം.<br>ഉദാ: അന്ധവിശ്വാസങ്ങൾക്കെതിരെ പ്രോജക്ടുകൾ.<br>വിവിധ പരീക്ഷണങ്ങൾ<br>ക്വിസ് - മത്സര പരീക്ഷകൾ<br>ചിന്താശേഷി വളർത്തിയെടുക്കുക.<br>ICT സാധ്യത പ്രയോജനപ്പെടുത്തുക. | 1-5 years | മുരളീലത.V |
| ജനാധിപത്യ ബോധം വളർത്തിയെടുക്കുക. | കുട്ടികളിൽ ജനാധിപത്യ ബോധം വളർത്തിയെടുക്കാൻ വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുക.<br>ഉദാ: സ്കൂൾ തെരഞ്ഞെടുപ്പ്, ക്ലാസ് ലീഡർ തെരഞ്ഞെടുപ്പ്.<br>സ്കൂളിലെ വിവിധ പ്രവർത്തനങ്ങളിൽ ചുമതലാവിഭജനം.<br>അധ്യാപകരുടെ ജനാധിപത്യ രീതിയിലുള്ള പെരുമാറ്റം, അധ്യാപനം മെച്ചപ്പെടുത്തുക. | 1-5 years. | |

## മേഖല: മലയാളം

| പ്രവർത്തനങ്ങൾ | കാലദൈർഘ്യം | | ക്ലാസ്സ് | ലക്ഷ്യ നമ്പർ |
|---|---|---|---|---|
| | ഹ്രസ്വം | ദീർഘം | | |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 6 മാസത്തിലധികം | | V, VI, VII | 1, 2 |
| ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ | | | | |
| വായനാമൂല, ക്ലാസ് ലൈബ്രറി, രൂപീകരിക്കൽ | | | | |
| സ്കൂൾ ലൈബ്രറി നവീകരിക്കൽ. | | | | |
| പത്രവായന | | | | 4 |
| അമ്മ വായന | | | | |
| വായനാ നാടകം | | | | |
| വായനാ കുറിപ്പ് | | | | |
| കലാ സാഹിത്യ വേദി പ്രവർത്തനം. | | | | 9, 16 |
| ബാലനാടക അരങ്ങേറ്റം | | | | |
| സാഹിത്യകാരൻമാരുടെ ഫോട്ടോ ഗ്യാലറി തയ്യാറാക്കൽ. | | | | 16 |